## പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1908** — **17.03.2015-ലെ മറുപടിക്ക്**

### ചന്ദ്രബോസിന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.രാധാകൃഷ്ണൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ സുരക്ഷാ ജീവനക്കാരനായിരുന്ന ചന്ദ്രബോസിനെ കൊലപ്പെടുത്തിയ കേസിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) പ്രതിക്കെതിരെ ക്രൈം നമ്പർ 173/15, u/s 341, 323, 324, 326, 307, 506(1), 294(b) IPC പ്രകാരം പേരാമംഗലം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും 16.02.2015 തീയതി Victim മരണപ്പെട്ടതിനെ തുടർന്ന് Sec. 307 IPC കുറവ് ചെയ്ത് Sec. 302 IPC കൂട്ടിച്ചേർത്തിട്ടുള്ളതാണ്. കേസിന്റെ അന്വേഷണം കാര്യക്ഷമമായി നടന്നുവരികയാണ്. പ്രതിക്കെതിരെ KAAPA Act ലെ സെക്ഷൻ 3 പ്രകാരം നടപടി എടുത്ത് ജില്ലാ കളക്ടർ Detention Order പുറപ്പെടുവിച്ചിട്ടുണ്ട്. കേസന്വേഷണം മേലുദ്യോഗസ്ഥന്മാരായ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ ഐ.ജി. ഉത്തരമേഖലാ എ.ഡി.ജി.പി. എന്നിവർ സൂപ്പർവൈസ് ചെയ്തുവരുന്നുണ്ട്. കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കി പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) കേസിൽ പ്രതിയായ നിസാമിനെ രക്ഷിക്കുന്നതിനുവേണ്ടി ക്രിമിനൽ ചട്ടപ്രകാരമുള്ള പല നടപടികളും പോലീസ് സ്വീകരിച്ചിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പ്രതിയ്ക്ക് തക്കതായ ശിക്ഷ വാങ്ങിക്കൊടുക്കുന്നതിലേയ്ക്ക് ആവശ്യമായ എല്ലാ തെളിവുകളും ശേഖരിച്ചു വരുന്നുണ്ട്. കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കി പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു-വരുന്നുണ്ട്. മറിച്ചുള്ള ആരോപണങ്ങൾ അടിസ്ഥാന രഹിതമാണ്. |
| (സി) കൊലക്കേസുമായി ബന്ധപ്പെട്ട് പല തെളിവുകളും നശിപ്പിക്കപ്പെട്ടതായ വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) 29.01.2015 തീയതി ഗുരുതരമായി പരിക്കേറ്റ ചന്ദ്രബോസിനെ അമല ആശുപത്രിയിൽ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്തിരുന്നതാണ്. അത്യാവശ്യമായ ചികിത്സ/ഓപ്പറേഷന് വേണ്ടി ബന്ധപ്പെട്ടവർ പരിക്കേറ്റ ചന്ദ്രബോസ് ധരിച്ചിരുന്ന വസ്ത്രങ്ങൾ മുറിച്ചുമാറ്റി നീക്കം ചെയ്യുകയും വേസ്റ്റ്ബിന്നിൽ ഇട്ട് പോലീസിന് കൈമാറാതെ അബദ്ധത്തിൽ കത്തിച്ചുകളയുകയുമാണ് ഉണ്ടായത് എന്ന് മനസ്സിലാക്കിയിട്ടുള്ളതാണ്. പരിക്കേറ്റ |

ചന്ദ്രബോസ് ധരിച്ചിരുന്ന വസ്ത്രങ്ങൾ എവിഡൻസ് ആയിരുന്നെങ്കിൽപോലും ഈ കേസിലേയ്ക്ക് വലിയ മെറ്റീരിയൽ എവിഡൻസായി കണക്കാക്കേണ്ടതില്ല കാരണം മറ്റ് തെളിവുകൾ ധാരാളം ഉള്ളതുകൊണ്ട് പ്രതിക്ക് തക്കതായ ശിക്ഷ വാങ്ങിക്കൊടുക്കാൻ സാധിക്കുന്നതാണ്.

(ഡി) പ്രതിയെ രക്ഷിക്കുന്നതിന് ചില ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ഇടപെട്ടുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടി കേസിന്റെ ഊർജ്ജിത അന്വേഷണത്തിനും, മേൽനോട്ടത്തിനുമായി എ.ഡി.ജി.പി നോർത്ത് സോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ടി കേസിൽ പാളിച്ചകൾ ഇല്ലാതെ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം എ.ഡി.ജി.പി. നോർത്ത് സോണിനും തൃശ്ശൂർ റേഞ്ച് ഐ.ജി.യ്ക്കും നൽകിയിട്ടുണ്ട്. എന്നാൽ ടി കേസുമായി ബന്ധപ്പെട്ട് അന്നത്തെ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയായിരുന്ന ശ്രീ. ജേക്കബ് ജോബ് ഐ.പി.എസിനെതിരെ പരാതി ലഭിക്കുകയും ടി പരാതിയിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (Rt) No. 1447/15/GAD dated 28.02.2015 പ്രകാരം ശ്രീ. ജേക്കബ് ജോബ് ഐ.പി.എസിനെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) പ്രതിയുടെ മേൽ കാപ്പ നിയമം ചുമത്താതിരിക്കുവാനുണ്ടായ സാഹചര്യങ്ങൾ വെളിപ്പെടുത്താമോ;

(ഇ) പ്രതിക്കെതിരെ സെക്ഷൻ 3 അനുസരിച്ച് KAAPA ചുമത്തുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർ Detention Order പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നുണ്ട്. പ്രതി ജുഡിഷ്യൽ കസ്റ്റഡിയിൽ ആയതിനാൽ ബന്ധപ്പെട്ട കോടതിയുടെ അനുവാദത്തോടുകൂടി മാത്രമേ KAAPA ഉത്തരവ് നടപ്പാക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ പ്രസ്തുത കോടതിയുമായി ബന്ധപ്പെട്ട് ടി കാര്യത്തിൽ മേൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(എഫ്) ചന്ദ്രബോസിന്റെ കൊലപാതകം ഗൗരവമായി അന്വേഷിച്ച് കുറ്റവാളിക്ക് നിയമാനുസരണമുള്ള ശിക്ഷ ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(എഫ്) കേസന്വേഷണം ഉന്നത ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ കാര്യക്ഷമമായി നടത്തി സ്പെഷ്യൽ പ്രോസിക്യൂട്ടറായി അഡ്വ. ഉദയഭാനുവിനെ നിയമിച്ച് പ്രതിക്ക് തക്കതായ ശിക്ഷ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ